എം.എസ്.എ റസാഖ്
msarazak@hotmail.com

# പ്രവാചക സ്നേഹവും അനുധാവനവും

عَنْ أَنَس رَضِي الله عَنْه قَالَ : قَالَ رَسُولُ اَللَّهِ صلى الله عليه وسلم : لاَ يُؤْمِنُ أَحَدُكُمْ حَتَّى أَكُونَ أَحَبَّ إِلَيْهِ مِنْ وَلَدِهِ وَوَالِدِهِ وَالنَّاسِ أَجْمَعِينَ (رَوَاهُ الْبُخاري)

**അനസി(റ)ൽനിന്ന്. നബി(സ) അരുളി: 'സ്വന്തം സന്താനങ്ങളേക്കാളും മാതാപിതാക്കളേക്കാളും മറ്റെല്ലാവരേക്കാളും ഞാൻ പ്രിയങ്കരനാകുംവരെ നിങ്ങളിലാരും വിശ്വാസിയാവുകയില്ല' (ബുഖാരി).**

മാനവകുലത്തിന്റെ മാർഗദർശിയാണ് മുഹമ്മദ് നബി(സ). പ്രവാചകനിൽ വിശ്വസിക്കുകയും പ്രവാചകനെ സ്നേഹിക്കുകയും പ്രവാചകാധ്യാപനങ്ങൾ ജീവിതത്തിൽ പകർത്തുകയും ചെയ്യേണ്ടത് ഓരോ വിശ്വാസിയുടെയും ബാധ്യതയാണ്. പ്രവാചകസ്നേഹം വിശ്വാസത്തിന്റെ ഭാഗമാണ്. പ്രവാചകനിലുള്ള വിശ്വാസം കൂടാതെ ഒരാളുടെയും ഇസ്‌ലാം പ്രവേശനം സാധ്യമാവില്ല. നബി(സ) പറയുന്നു: 'മൂന്നു കാര്യങ്ങൾ ഒരാളിലുണ്ടായാൽ വിശ്വാസത്തിന്റെ മാധുര്യം അവൻ അനുഭവിച്ചു. അല്ലാഹുവോടും അവന്റെ ദൂതനോടുമുള്ള സ്നേഹം മറ്റുള്ളതിനേക്കാൾ കൂടുതലാവുക, അല്ലാഹുവിന്റെ പ്രീതി മാത്രം പ്രതീക്ഷിച്ച് മനുഷ്യനെ സ്നേഹിക്കുക, നരകത്തിലെറിയപ്പെടുന്നത് വെറുക്കുന്നതുപോലെ കുഫ്റിലേക്ക് മടങ്ങുന്നത് വെറുക്കുക' (ബുഖാരി). മറ്റാരേക്കാളും പ്രവാചകനെ സ്നേഹിക്കണമെന്നും ബഹുമാനിക്കണമെന്നും പറയുന്നത്, ഇഹപരലോകങ്ങളിലെ ഏറ്റവും മഹത്തായ വിജയം പ്രവാചകനിലൂടെ -പ്രവാചകനിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിൻപറ്റുകയും ചെയ്യുന്നതിലൂടെ- മാത്രമേ സാധ്യമാകൂ എന്നുള്ളതുകൊണ്ടാണ്. മനുഷ്യനെ കുഫ്റിന്റെ കൂരിരുട്ടിൽനിന്ന് വിശ്വാസത്തിന്റെ ദിവ്യപ്രകാശത്തിലേക്ക് ആനയിക്കാൻ അല്ലാഹു ദൈവിക ഗ്രന്ഥം നൽകി നിയോഗിച്ചത് പ്രവാചകനെയാണ്.

പ്രവാചകസ്നേഹം പ്രകടമാകുന്നത് പ്രവാചകനെ പിൻപറ്റുന്നതിലൂടെയാണ്. അല്ലാഹുവോടുള്ള സ്നേഹം തെളിയിക്കേണ്ടത് ദൈവിക കൽപനകൾ നിർവഹിക്കുന്നതിലൂടെയും നിരോധിച്ചവ ഉപേക്ഷിക്കുന്നതിലൂടെയുമാണ്. അതുപോലെ പ്രവാചകസ്നേഹം സാക്ഷാത്കരിക്കേണ്ടത് പ്രവാചകപാഠങ്ങൾ ജീവിതത്തിൽ പകർത്തുന്നതിലൂടെയായിരിക്കണം. അവിടുന്ന് അരുളി: 'ഞാൻ നിങ്ങളോട് ഏതൊരു കാര്യമാണോ നിരോധിച്ചിട്ടുള്ളത് അത് നിങ്ങൾ പൂർണമായും വർജിക്കുക. ഏതൊരു കാര്യം ചെയ്യണമെന്നാണോ ഞാൻ നിങ്ങളോട് കൽപിച്ചിട്ടുള്ളത് അതിൽനിന്ന് നിങ്ങൾക്ക് സാധ്യമായ ത്രയും പ്രവർത്തിക്കുകയും ചെയ്യുക...' (ബുഖാരി, മുസ്‌ലിം).

സന്മാർഗവും വിജയവും പ്രവാചകാനുസരണത്തിലൂടെയും അവിടുത്തെ ചര്യ പിൻപറ്റുന്നതിലൂടെയുമാണ് സഫലമാവുക. സുന്നത്ത് -പ്രവാചകചര്യ- ജീവിതപാതയായി സ്വീകരിക്കേണ്ടതാണ്. ജീവിത സൗഭാഗ്യത്തിനും പരലോക രക്ഷക്കും അതു നിമിത്തമാകുന്നു. സ്വർഗത്തിന്റെ താക്കോലാണ് പ്രവാചകസ്നേഹവും പ്രവാചകനെ അനുധാവനം ചെയ്യലും. ഹജ്ജത്തുൽ വദാഇൽ നബിതിരുമേനി സമുദായത്തിനു നൽകിയ ഉപദേശം (വസിയ്യത്ത്) ഇപ്രകാരമാണ്: ''ഓ മനുഷ്യരേ, ഒരു കാര്യം ഞാൻ നിങ്ങളിലുപേക്ഷിച്ചിരിക്കുന്നു. അതു നിങ്ങൾ മുറുകെ പിടിച്ചാൽ ഒരിക്കലും നിങ്ങൾ വഴിപിഴച്ചുപോവുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥവും പ്രവാചകന്റെ സുന്നത്തുമാണത്'' (ഹാകിം, അഹ്മദ്).

പ്രവാചകനെ അനുസരിക്കൽ നിർബന്ധമാണെന്ന് 30-ൽ അധികം സ്ഥലങ്ങളിൽ വിശുദ്ധ ഖുർആൻ പറയുന്നു. തന്നെയുമല്ല, അല്ലാഹുവിനെ അനുസരിക്കണമെന്ന നിർദേശത്തോടൊപ്പം ചേർത്തുകൊണ്ടാണ് പ്രവാചകനെ അനുസരിക്കണമെന്നും മിക്ക സ്ഥലങ്ങളിലും ഖുർആൻ പരാമർശിച്ചിട്ടുള്ളത്. പ്രവാചകാനുധാവനം പ്രവാചകസ്നേഹത്തിന്റെ അടയാളമാണെന്നതുപോലെ സന്മാർഗം (ഹിദായത്ത്) പ്രാപിക്കാനുള്ള വഴിയും വിജയനിദാനവുമാകുന്നു. അതിന്റെ ഫലമാകട്ടെ കുറ്റങ്ങൾ പൊറുക്കപ്പെടലും. പ്രവാചകനെ അനുസരിക്കാത്തവനും ധിക്കരിക്കുന്നവനും യഥാർഥത്തിൽ സ്രഷ്ടാവായ നാഥനെയാണ് ധിക്കരിക്കുന്നത്. പ്രവാചകന്റെ കൽപനകൾ ധിക്കരിക്കുന്നവർക്ക് ഇഹത്തിലും പരത്തിലും ഭയാനകമായ ശിക്ഷയാണുള്ളത്. വിശ്വാസികളാണെന്ന് അവകാശപ്പെടുന്നതോടൊപ്പം പ്രവാചകനെ അനുസരിക്കാതെയും ധിക്കരിച്ചും, അവിടുന്ന് കൽപിച്ച കാര്യങ്ങൾ ചെയ്യാതിരിക്കുന്നത് കാപട്യത്തിന്റെ ലക്ഷണമാകുന്നു. നബി(സ) പറയുന്നു: 'എന്നെ അനുസരിച്ചവൻ അല്ലാഹുവിനെ അനുസരിച്ചവനായി. എന്നെ ധിക്കരിച്ചവൻ അല്ലാഹുവിനെ ധിക്കരിച്ചവനായി' (ബുഖാരി). 'എന്റെ സമുദായം മുഴുവനും സ്വർഗത്തിൽ പ്രവേശിക്കും, വിസമ്മതിച്ചവരൊഴികെ. ആരാണ് വിസ

മ്മതിക്കുന്നവർ? അവിടുന്നു പറഞ്ഞു: എന്നെ അനുസരിച്ചവൻ സ്വർഗത്തിൽ പ്രവേശിച്ചു. എന്നെ ധിക്കരിച്ചവൻ വിസമ്മതിച്ചു' (ബുഖാരി).

അല്ലാഹുവിന്റെ ദൂതനെ സ്നേഹിക്കുകയും അദ്ദേഹം പഠിപ്പിച്ച കാര്യങ്ങൾ യഥാവിധി പാലിക്കുകയും ചെയ്യുന്നവരെ അല്ലാഹു നേർമാർഗത്തിലാക്കുകയും സഹായിക്കുകയും ജീവിത വിഭവം നൽകി അനുഗ്രഹിക്കുകയും ചെയ്യുന്നതാണ്. യഥാർഥ സുന്നത്ത് അനുധാവനം ചെയ്യുക വഴി പുതുനിർമിതി(ബിദ്അത്ത്)കളിൽനിന്നും നിഷിദ്ധകാര്യങ്ങളിൽനിന്നും (മുഹർറമാത്ത്) ഒഴിഞ്ഞുനിൽക്കാൻ കഴിയും. സുന്നത്ത് അവഗണിച്ച് ദീനിൽ അടിസ്ഥാനമില്ലാത്ത പുതുനിർമിതികൾ നടത്തുന്നത് മാർഗഭ്രംശത്തിലാണ് പര്യവസാനിക്കുക. അവിടുന്ന് പറഞ്ഞു: 'ഇസ്‌ലാമിൽ ഇല്ലാത്തത് നിർമിച്ചാൽ അത് സ്വീകാര്യമല്ല' (ബുഖാരി, മുസ്‌ലിം). 'നമ്മുടെ അനുവാദമില്ലാത്തൊരു കാര്യം ആരെങ്കിലും പ്രവർത്തിച്ചാൽ അത് സ്വീകരിക്കുന്നതല്ല' (മുസ്‌ലിം). ആദർശത്തിലും വിശ്വാസകാര്യങ്ങളിലും ആരാധനകളിലും ശറഈ വിധികളിലും അടക്കം ജീവിത വ്യവഹാരങ്ങളിൽ, ദീനിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത കാര്യങ്ങൾ കടന്നുവരുന്നതാണ് സർവനാശങ്ങൾക്കും കാരണം. പ്രവാചകചര്യയുടെ അന്തസ്സത്തക്കു വിരുദ്ധമായ ആചാരങ്ങളും പാരമ്പര്യങ്ങളും സമ്പ്രദായങ്ങളും സൃഷ്ടിക്കുന്നതും ബിദ്അത്താണ്.

ഇസ്‌ലാമിക ജീവിതത്തിന് പൂർണത കൈവരുന്നത് പ്രവാചകാധ്യാപനങ്ങൾ അതിന്റെ പൂർണതയോടെയും ചൈതന്യത്തോടെയും ജീവിതത്തിൽ പകർത്തുന്നതിലൂടെയാണ്. പക്ഷേ, മുസ്‌ലിം സമുദായം സുന്നത്തെന്ന പേരിൽ പുത്തൻ ആചാരങ്ങളും അനുഷ്ഠാനങ്ങളും സമ്പ്രദായങ്ങളും വാരിപ്പുണരുന്ന ദയനീയ കാഴ്ചയാണ് കാണുന്നത്. പ്രവാചകചര്യയെ അവഗണിക്കുകയും നിസ്സാരവൽക്കരിക്കുകയും ചെയ്യുന്നു. തൽസ്ഥാനത്ത് മതശാസനകൾക്ക് വിരുദ്ധമായ ആചാരങ്ങളും സമ്പ്രദായങ്ങളും കൊണ്ടാടുന്നു. ജീവിതം സുന്നത്തിൽ നിന്നും ബഹുകാതം അകലുന്നു. എന്തിനേറെ, ഏതൊരു വിഷയത്തിലും പ്രവാചകന്റെ യഥാർഥ അധ്യാപനങ്ങളും മാതൃകയും എന്തെന്നു പോലുമറിയാതെ ആചാരങ്ങളെ വാരിപ്പുണരുന്നു. ചിലപ്പോഴത് അനിസ്‌ലാമികതയിലേക്കും ശിർക്കിലേക്കും വരെ ചെന്നെത്താറുണ്ട്.

ഖുർആൻ അധ്യാപനങ്ങൾ പ്രവാചകൻ (സ) ജീവിതത്തിൽ പകർത്തി, പ്രവാചകന്റെ ജീവിതചര്യ അവിടുത്തെ അനുചരന്മാർ ജീവിതത്തിൽ പകർത്തി. നാമാണെങ്കിലോ പ്രവാചകാധ്യാപനങ്ങളിൽനിന്ന് അകന്നു ജീവിച്ചുകൊണ്ടിരിക്കുന്നു! ഈ വൈരുധ്യം തിരുത്തേണ്ടതുണ്ട്. പ്രവാചകസ്നേഹത്തിന്റെയും പ്രവാചകാനുധാവനത്തിന്റെയും താൽപര്യമതാണ്. പ്രവാചകനും അനുയായികളും ലളിത ജീവിതമാണിഷ്ടപ്പെട്ടതും നയിച്ചതും. ഈന്തപ്പനയോലയിൽ കിടന്നുറങ്ങിയിരുന്ന പ്രവാചകന്റെ തിരുശരീരത്തിൽ അതിന്റെ പാടുകൾ ദൃശ്യമായതു കണ്ട് ഉമർ(റ) കരഞ്ഞുപോയി. റോമൻ-പേർഷ്യൻ സാമ്രാജ്യങ്ങളുടെ ഭരണാധികാരികളുടെ ജീവിതം അറിയാമായിരുന്ന ഉമർ(റ) പ്രവാചകന്റെ ലളിത ജീവിത ശൈലി കണ്ട് അതിനെക്കുറിച്ചന്വേഷിച്ചപ്പോൾ അവിടുന്ന് പ്രതികരിച്ചതിങ്ങനെയാണ്. 'അവർ ഐഹിക ലോകം അഭിലഷിക്കുമ്പോൾ നാം പരലോകം ആഗ്രഹിക്കുന്നു.' നമ്മുടെ കാലഘട്ടത്തിലെ പ്രവാചകാനുയായികളാകട്ടെ സുഖാഡംബരങ്ങളിൽ അഭിരമിക്കുന്നു. ഉത്തമ സ്വഭാവ ഗുണങ്ങളുടെ പൂർത്തീകരണമായിരുന്നു പ്രവാചകന്റെ ധന്യജീവിതം. പക്ഷേ, നമ്മുടെ ജീവിതത്തിലൂടെ നാം കാഴ്ചവെക്കുന്ന സ്വഭാവമോ പെരുമാറ്റരീതികളോ പ്രവാചകാധ്യാപനങ്ങളുടെ പ്രതിനിധാനമല്ല.

പ്രവാചകസ്നേഹത്തിന്റെ പ്രാധാന്യം വിവരിക്കുന്ന ധാരാളം ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഉമർ(റ) നബിതിരുമേനിയോട് പറഞ്ഞു: 'സ്വന്തത്തെയൊഴിച്ച് മറ്റെന്തിനേക്കാളും എനിക്ക് ഏറെ പ്രിയങ്കരം താങ്കളാകുന്നു തിരുദൂതരേ.' അവിടുന്ന്പറഞ്ഞു: 'അങ്ങനെയല്ല. എന്റെ ആത്മാവ് ആരുടെ കൈകളിലാണോ അവനിൽ സത്യം, സ്വന്തത്തേക്കാളും ഞാൻ താങ്കളുടെ പ്രിയപ്പെട്ടവനാകും വരെ താങ്കൾ വിശ്വാസിയാവുകയില്ല.' ഉടനെ ഉമർ(റ) പറഞ്ഞു: അതേ പ്രവാചകരേ, തീർച്ചയായും താങ്കൾ എന്നേക്കാളും എനിക്ക് പ്രിയപ്പെട്ടതായിരിക്കുന്നു.' 'ഉമറേ, ഇപ്പോഴാണ് ശരിയായത്'- പ്രവാചകൻ പ്രതികരിച്ചു (ബുഖാരി). പ്രവാചക സ്നേഹാധിരേകത്താൽ അവിടുത്തെ ചര്യ ഒന്നുപോലും ഉപേക്ഷിക്കാതിരിക്കാൻ സ്വഹാബികൾ പരിശ്രമിച്ചു. അബൂബക്ർ(റ) പറയുന്നു: 'നബി(സ) അനുഷ്ഠിച്ചിരുന്ന ഒരു കാര്യവും ഞാൻ ഉപേക്ഷിക്കുന്നവനല്ല. ഞാനത് പ്രവൃത്തി പഥത്തിൽ കൊണ്ടുവന്നിരിക്കും.' പ്രവാചക കൽപനകൾ ഒന്നുപോലും ഉപേക്ഷിക്കുന്നത് താൻ ഏറെ ഭയപ്പെടുകയും ചെയ്തിരുന്നതായി അബൂബക്ർ(റ) പറയുന്നുണ്ട്. പ്രവാചക കർമങ്ങൾ ദൈവസാമീപ്യം ഉദ്ദേശിച്ച് അനുധാവനം ചെയ്യുന്നതിൽ സ്വഹാബിമാർ കാണിച്ച അതീവ താൽപര്യത്തിന്റെ മറ്റൊരു ഉദാഹരണമാണ് ഉമറി(റ)ന്റെ ഹജറുൽ അസ്‌വദ് ചുംബനം. അദ്ദേഹം പറഞ്ഞു: 'ഹേ കല്ലേ... ഞാൻ നിന്നെ ചുംബിക്കുന്നു. ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്ത കേവലം ശില മാത്രമാണ് നീയെന്ന് എനിക്കറിയാം. പ്രവാചകൻ നിന്നെ ചുംബിക്കുന്നത് കണ്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ ചുംബിക്കുമായിരുന്നില്ല' (ബുഖാരി). പ്രവാചകനോട് സ്വഹാബത്തിനുണ്ടായിരുന്ന സ്നേഹത്തിന്റെ പാരമ്യതയും പ്രവാചകനെ അനുധാവനം ചെയ്യുന്നതിൽ അവർക്കുണ്ടായിരുന്ന ശുഷ്കാന്തിയുമാണത് തെളിയിക്കുന്നത്.

ബിലാൽ(റ) പ്രവാചക വിയോഗത്തെത്തുടർന്ന് മനംനൊന്ത് മദീനയിൽ താമസിക്കാതെ ശാമിലേക്ക് മാറിത്താമസിച്ചിരുന്നു. വർഷങ്ങൾ കഴിഞ്ഞ് മദീനയിൽ മടങ്ങിവന്ന ബിലാൽ(റ) പ്രവാചകന്റെ പള്ളിയിൽ ബാങ്ക് കൊടുത്തപ്പോൾ പൊട്ടിക്കരഞ്ഞു. ഇതു കണ്ട മറ്റു സ്വഹാബിമാരും കരഞ്ഞുപോയി. നബി(സ) അരുളിയിട്ടുണ്ട്: 'എന്നെ ഇഷ്ടപ്പെടുന്നവൻ എന്റെ കൂടെ സ്വർഗത്തിലായിരിക്കും' (തിർമിദി). സ്വഹാബിമാരുടെ പ്രവാചകസ്നേഹം എപ്രകാരമായിരുന്നുവെന്ന് അലി(റ)യോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞങ്ങളുടെ ധനത്തേക്കാളും സന്താനങ്ങളേക്കാളും മാതാപിതാക്കളേക്കാളും എല്ലാം കൂടുതൽ ഞങ്ങൾ സ്നേഹിച്ചിരുന്നത് പ്രവാചകനെയായിരുന്നു.' മക്കൾക്ക് പ്രവാചകസ്നേഹം പ്രത്യേകം പഠിപ്പിക്കണമെന്ന് തിരുമേനി പറയുകയുണ്ടായി. മനുഷ്യജീവിതത്തിനു വഴിവെളിച്ചമാകുന്ന സർവാശ്ലേഷമായ ജീവിത മാതൃക അതിന്റെ മൗലികതയോടെ ജീവിതത്തിൽ പകർത്തുകയും സമൂഹത്തിനു പകർന്നുനൽകുകയും ചെയ്യുകയാണ് യഥാർഥ പ്രവാചകസ്നേഹത്തിന്റെയും പ്രവാചകനെ അനുധാവനം ചെയ്യുന്നതിന്റെയും താൽപര്യം. ●